(ബി) വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* 1-9-2013-ൽ 20 വർഷം പൂർത്തിയാക്കിയ ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയതിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയ ജീവനക്കാരെ കൂടി സ്ഥിരപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) നിലവിൽ ജോലി ചെയ്യുന്നതും 1-9-2013-ൽ 20 വർഷം പൂർത്തിയാക്കിയ ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വനം വകുപ്പിന്റെ സ്ഥലം വിട്ടുകൊടുക്കൽ**

245 (1989) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ തിങ്കൾകരിക്കം വില്ലേജിലെ എട്ട് ഏക്കർ സ്ഥലം കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾക്കായി വനംവകുപ്പിൽ നിന്നുംവിട്ടു കൊടുത്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേന്ദ്ര വനസംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പുള്ള മേൽ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 7-2-1973-ലെ ജി.ഒ. (എം.എസ്) 33/73/എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കുളത്തുപ്പുഴ തിങ്കൾക്കരിക്കം വില്ലേജിലെ എട്ട് ഏക്കർ സ്ഥലം കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾക്കും മറ്റുമായി റവന്യൂ വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 7-2-1973-ലെ ഉത്തരവിന് 1980-ലെ വനസംരക്ഷണ നിയമം നിലവിൽ വന്നതിനുശേഷം നിയമസാധുതയില്ലാത്തതിനാലും, 1980-നുശേഷം വനഭൂമി കൈമാറ്റം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുവാദം ആവശ്യമായതിനാലും 7-2-1973-ലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം പഞ്ചായത്തിന് കൈമാറുവാനുള്ള നടപടി സ്വീകരിക്കാൻ കഴിയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly